## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3313** **19.10.2016-ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക എൻട്രൻസ് കോച്ചിംഗ്**

**ചോദ്യം**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസനവകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം നേടുന്നതിന് പ്രത്യേക എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഏത് വർഷം മുതലാണ് ആരംഭിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | എ) | 2007-08 അധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നു. |
| ബി) | 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എം.ആർ.എസ്. കളിൽ പ്രത്യേക എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോച്ചിംഗ് ക്ലാസ്സുകൾ തുടങ്ങിയ തീയതി, മാസം, കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന സ്ഥാപനം | ബി) | 2016-17 വർഷം കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനു ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് അധ്യയന വർഷം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മോഡൽ റഡിഡൻഷ്യൽ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | എന്നിവയുടെ വിശദവിവരം സ്കൂൾ തിരിച്ച് വിശദമാക്കുമോ | | |
| സി) | 2015-16 വർഷം എം.ആർ.എസ്.കളിൽ പ്ലസ് 2 പഠനം പൂർത്തിയാക്കി എൻട്രൻസ് പരീക്ഷ മുഖേന മെഡിസിൻ/ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നവിവരം പേരു സഹിതം അറിയിക്കുമോ? | സി) | 2015-16 വർഷം വിവിധ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 9 വിദ്യാർത്ഥികൾക്ക് എൻട്രൻസ് മുഖാന്തിരം എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ജെറോം<br>2. രഘു രവി<br>3. ഫെബമോൾ<br>4. വിജിത.ബി.എസ്<br>5. അഞ്ജന ചന്ദ്രൻ<br>6. ആനന്ദ്.കെ.ജി<br>7. അമേഘ്.കെ.ജി<br>8. ജിഷ്ണു<br>9. അംബിക.കെ.ജി |

സെക്ഷൻ ഓഫീസർ